അബൂദർറ് എടയൂർ



# ആദരവ് അർഹിക്കുന്നതാണ് വാർധക്യം

عَنْ أَنَسِ بْنِ مَالِكٍ قَالَ قَالَ رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ مَا أَكْرَمَ شَابٌّ شَيْخاً لِسِنِّهِ إِلاَّ قَيَّضَ اللّٰهُ لَهُ مَنْ يُكْرِمُهُ عِنْدَ سِنِّهِ (ترمذى)

**അനസുബ്നു മാലികി(റ)ൽനിന്ന്: റസൂൽ (സ) പറഞ്ഞു: "ഒരു യുവാവ് ഒരു വൃദ്ധനെ അദ്ദേഹത്തിന്റെ പ്രായം കണക്കിലെടുത്തുകൊണ്ട് ആദരിച്ചാൽ അവന്റെ വാർധക്യത്തിൽ അവനെ ആദരിക്കുന്നവനെ അല്ലാഹു ഏർപ്പെടുത്തും" (തിർമിദി).**

പ്രായമായവരെ ആദരിക്കുകയും അവരോട് കാരുണ്യം കാണിക്കുകയും ചെയ്യുന്നത് ഉന്നതവും ശ്രേഷ്ഠവുമായ സൽസ്വഭാവമാണ്. അനസുബ്നു മാലിക് പറഞ്ഞു: ഒരു വൃദ്ധൻ പ്രവാചകനെ കാണാൻ വന്നു. കുറച്ചു സാവകാശമാണ് ആളുകൾ അദ്ദേഹത്തിനുവേണ്ടി വഴിമാറിക്കൊടുത്തത്. ഇതു കണ്ട നബി (സ) പറഞ്ഞു: ''ചെറിയവരോട് കാരുണ്യവും വലിയവരോട് ബഹുമാനവും കാണിക്കാത്തവൻ നമ്മിൽപെട്ടവനല്ല.'' (തിർമിദി)

വാർധക്യത്തിൽ മനുഷ്യന്റെ ശരീരം തളരുന്നു, എല്ലുകൾ ദുർബലമാവുന്നു, തലയിൽ നര ബാധിക്കുന്നു. വിവിധതരം രോഗങ്ങൾ വന്നുചേരുന്നു. വേദനകൾ പൊതിയുന്നു. അയാൾക്ക് ശ്രദ്ധയും പരിചരണവും ദയയും കൂടുതൽ അനിവാര്യമായിത്തീരുന്നു.

വൃദ്ധന്മാരെ ആദരിക്കുന്നതിൽ മുഹമ്മദ് നബി മികച്ച മാതൃകയാണ്. പ്രവാചകൻ ഒരു വൃദ്ധയുടെ ചുമട് വഹിച്ച കഥ പ്രസിദ്ധമാണല്ലോ. അബൂബക്റിന്റെ മകൾ അസ്മാഅ് (റ) പറയുന്നു: ഒരിക്കൽ മക്കയിലെ മസ്ജിദുൽഹറാമിലെത്തിയ പ്രവാചകന്റെ മുന്നിലേക്ക് അബൂബക്ർ തന്റെ പിതാവിനെ (അബൂഖുഹാഫ) കൊണ്ടുവന്നു. അപ്പോൾ പ്രവാചകൻ പറഞ്ഞു: ''ഇദ്ദേഹത്തെ വീട്ടിൽ ഇരുത്തിയാൽ പോരായിരുന്നോ. ഞാൻ അങ്ങോട്ട് വരുമായിരുന്നല്ലോ.'' അപ്പോൾ അബൂബക്ർ (റ) പറഞ്ഞു: ''പ്രവാചകരേ, താങ്കൾ ഇദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുന്നതിനേക്കാൾ പ്രാധാന്യം ഇദ്ദേഹം താങ്കളുടെ അടുക്കൽ വരുന്നതിനാണ്.'' തുടർന്ന് പ്രവാചകൻ അദ്ദേഹത്തെ തന്റെ മുന്നിലിരുത്തി. അദ്ദേഹത്തിന്റെ നെഞ്ചിൽ തടവിക്കൊണ്ട് പറഞ്ഞു: ''താങ്കൾ ഇസ്‌ലാം സ്വീകരിക്കുക. അപ്പോൾ അദ്ദേഹം മുസ്‌ലിമായി'' (അഹ്മദ്).

പ്രവാചകത്വത്തിന്റെ ദീപത്താൽ സ്വഹാബികളുടെ ഹൃദയങ്ങൾ പ്രകാശിതമായി. പ്രവാചകനിൽനിന്ന് ഉത്കൃഷ്ട സ്വഭാവങ്ങൾ അവർ സ്വായത്തമാക്കി. പ്രായമായവർക്കുവേണ്ടി സേവനം ചെയ്യാൻ അവർ സ്വയം സന്നദ്ധരായി. അവരോടുള്ള ബഹുമാനവും ആദരവുമായിരുന്നു അതിന് നിമിത്തം. അബൂസലമ(റ)യിൽനിന്ന് നിവേദനം: ഒരിക്കൽ സൈദുബ്നു സാബിത് (റ) ഒട്ടകപ്പുറത്ത് കയറാൻ ഒരുങ്ങിയപ്പോൾ ഇബ്നു അബ്ബാസ് (റ) ചവിട്ടി (ഒട്ടകപ്പുറത്ത് കയറുമ്പോഴും യാത്ര ചെയ്യുമ്പോഴും കാൽ വെക്കുന്ന വസ്തു) പിടിച്ചുകൊടുത്തു. അപ്പോൾ സൈദ് പറഞ്ഞു: ''പ്രവാചകന്റെ പിതൃവ്യപുത്രാ, മാറിനിന്നേക്കൂ.'' അപ്പോൾ ഇബ്നു അബ്ബാസ് പറഞ്ഞു: ''ഞങ്ങളിലെ പ്രായമായവരോടും പണ്ഡിതന്മാരോടും ഞങ്ങൾ ഇങ്ങനെയാണ് പെരുമാറാറുള്ളത്'' (ഹാകിം).

കാലം അതിന്റെ കാൽപാടുകൾ പതിപ്പിച്ച, രോഗങ്ങൾ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്ന ഒരു വൃദ്ധനെ കണ്ടാൽ അദ്ദേഹത്തിന്റെ ബലഹീനതയോട് കാരുണ്യം കാണിക്കുക. അദ്ദേഹത്തിന്റെ വാർധക്യത്തെ മാനിക്കുക. അദ്ദേഹത്തിന് ഉയർന്ന സ്ഥാനം കൊടുക്കുക. അദ്ദേഹത്തിന്റെ പ്രയാസം ഇല്ലാതാക്കിക്കൊടുക്കുക. അദ്ദേഹത്തിന് ആവശ്യമായ സേവനങ്ങൾ ചെയ്തുകൊടുക്കുക. എങ്കിൽ അല്ലാഹു നമുക്ക് മഹത്തായ പ്രതിഫലം തരും. ഇഹത്തിലും പരത്തിലും അതിന്റെ സദ്ഫലങ്ങൾ നമുക്ക് ലഭിക്കും.

മാതാപിതാക്കളോടുള്ള കടമകൾ വിവരിച്ചപ്പോൾ വാർധക്യത്തെ അല്ലാഹു പ്രത്യേകം പരാമർശിച്ചിട്ടുണ്ടല്ലോ ഖുർആനിൽ. മാതാപിതാക്കൾക്ക് തങ്ങളുടെ സന്താനങ്ങളുടെ സ്നേഹമസൃണമായ പരിചരണം ഏറെ ആവശ്യമുള്ള ഘട്ടമാണത്. ആ സന്ദർഭത്തിൽ മക്കൾ അവരോട് പാലിക്കേണ്ട മര്യാദകളെ ശക്തമായി ചൂണ്ടിക്കാണിക്കുകയാണ് അല്ലാഹു.

പ്രായമായവരെ പരിചരിക്കുന്നതിന് വ്യത്യസ്ത രീതികളുണ്ട്. അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുക, അവരുമായി സംസാരിക്കുക, അവരുടെ കഥകളും അനുഭവങ്ങളും കേൾക്കുക, അവരെ പരിചരിക്കുക, അല്ലെങ്കിൽ അവരെ പരിചരിക്കാൻ യോഗ്യരായവരെ ലഭ്യമാക്കുക, പ്രായമായവർക്കു വേണ്ടി പണം ചെലവഴിക്കുക, പണം ചോദിച്ചുവാങ്ങാൻ അവരെ നിർബന്ധിതരാക്കാതിരിക്കുക, അവരുടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കുക, അവർക്ക് ആശ്വാസം നൽകുക, അവരുടെ അവസ്ഥക്ക് അനുയോജ്യമായ അന്തരീക്ഷമൊരുക്കുക, അവർക്ക് ചികിത്സ നൽകുക തുടങ്ങിയവ അതിൽ പെട്ടതാണ്. സ്നേഹവും വാൽസല്യവും നല്ല സംസാരവും ഏറെ ആവശ്യമുള്ളവരാണ് വാർധക്യം പ്രാപിച്ചവർ. ചില കാര്യങ്ങളിലെങ്കിലും അവരുമായി കൂടിയാലോചന നടത്തുന്നതും പേരക്കുട്ടികളുടെ ശിക്ഷണത്തിൽ അവരെ പങ്കാളികളാക്കുന്നതും സമൂഹത്തിലും കുടുംബത്തിലും അവരുടെ ദൗത്യത്തിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തും. ഇതെല്ലാം മുതിർന്നവരോടുള്ള ആദരവിന്റെയും അവരെ മാനിക്കുന്നതിന്റെയും അംഗീകരിക്കുന്നതിന്റെയും ഗണത്തിൽപെടുന്നു. ●